പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4754 21.10.2011-ൽ മറുപടിയ്ക്ക്

വൈദ്യുതി ബോർഡിന്റെ ആസ്തി - ബാധ്യതകൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കെ. വി. വിജയദാസ് :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന്റെ ആസ്തി - ബാധ്യതകൾ കണക്കാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാന വൈദ്യുതി ബോർഡ് എല്ലാ വർഷവും ആസ്തി - ബാധ്യതാ കണക്കുകൾ തയ്യാറാക്കുന്നുണ്ട്. 2009-10 വരെയുള്ള ആസ്തി - ബാധ്യതാ കണക്കുകളുടെ ആഡിറ്റും പൂർത്തിയായിട്ടുണ്ട്. 2010-11 ലെ വാർഷിക കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ട്. |
| (ബി) ഇപ്പോഴത്തെ സ്ഥിതിയിൽ മൊത്തം ആസ്തി എത്രയാണെന്ന് ഉല്പാദന, വിതരണ, പ്രസരണ മേഖലയനുസരിച്ച് വിശദമാക്കാമോ ; | (ബി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ 31-03-2011-ലെ ആഡിറ്റ് ചെയ്യാത്ത താല്ക്കാലിക കണക്ക് പ്രകാരം ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂ 11210.90 കോടി രൂപയും ഇതുവരെയുള്ള തേയ്മാന ചെലവ് (ഡിപ്രീസിയേഷൻ) കഴിഞ്ഞുള്ള ഫിക്സഡ് അസറ്റുകളുടെ നെറ്റ് വാല്യൂ 6362.15 കോടി രൂപയുമാണ്. പ്രസ്തുത നെറ്റ് വാല്യൂ ഉൾപ്പെടെയുള്ള മൊത്തം ആസ്തി 9121.77 കോടി രൂപയാണ്.<br>ഉത്പാദന, വിതരണ, പ്രസരണ മേഖലയനുസരിച്ച് 2010-11-ലെ സ്ഥാവര വസ്തുക്കളുടെ (ഫിക്സഡ് അസറ്റ്) നെറ്റ് വാല്യൂ താഴെ നല്കുന്നു.<br>ഉത്പാദന മേഖല - 2109.25 കോടി രൂപ<br>പ്രസരണ മേഖല - 2191.59 കോടി രൂപ<br>വിതരണ മേഖല - 2061.31 കോടി രൂപ. |
| (സി) ആസ്തി പുനർനിർണ്ണയിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ? | (സി) വൈദ്യുതി ബോർഡ് ആസ്തികളുടെ പുനർ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.